23/11/21

2/11/2021

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം** 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.560(6)/2021/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*5290/എസ്.ഐ.സി-ജി 5/2021*)

**സന്നിഹിതൻ**

**അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. വേണു കെ.സി.,
വിമൽ വില്ല, ടി.സി. 6/1385(1),
ഐത്തഡി ലെയിൻ, ശ്രീകാര്യം പി.ഒ.,
തിരുവനന്തപുരം-695017
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   അണ്ടർ സെക്രട്ടറി,
   പൊതുഭരണ (സ്പെഷ്യൽ ഇ) വകുപ്പ്,
   ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

2. അപ്പീൽ അധികാരി &
   ഡെപ്യൂട്ടി സെക്രട്ടറി,
   പൊതുഭരണ (സ്പെഷ്യൽ ഇ) വകുപ്പ്,
   ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 19.02.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 03.03.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 26.03.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 03.04.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 22.04.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 23.04.2021 |

| | |
|---|---|
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.06.2021 |
| മേൽ പ്രകാരമുളള റിപ്പോർട്ട് ലഭിച്ച തീയതി | 29.07.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 29.10.2021 & കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. വേണു കെ.സി. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേൽ അപ്പീൽ അധികാരി നൽകിയ മറുപടിയും തൃപ്തികരമല്ലെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 19.02.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, 05.03.2005 ലെ സർക്കാർ ഉത്തരവ് (സാധാ) നം.1746/05/പൊ.ഭ.വ. ന്റെ പകർപ്പും അതിന്റെ തീർപ്പു ഫയൽ പേജുകളുടെ പകർപ്പും ഫയൽ നം.65498/സ്പെഷ്യൽ/ഇ/പൊഭവ ന്റെ പേജുകളുടെ പകർപ്പും ലഭ്യമാക്കണമെന്നാണ്. ടി അപേക്ഷയിന്മേൽ 03.03.2021 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, 05.03.2005 ലെ സർക്കാർ ഉത്തരവ് ടി ഓഫീസിൽ ലഭ്യമല്ലെന്നും ഫയൽ നം.65498/സ്പെഷ്യൽ/ഇ/പൊഭവ ഏതു വർഷത്തെ എന്നു വ്യക്തമാക്കിയാൽ തീർപ്പു ഫയൽ സർക്കാരിൽ ലഭ്യമാണെങ്കിൽ നൽകാവുന്നതാണെന്നുമാണ്. ആയത് തൃപ്തികരമല്ലാത്തതിനാൽ 26.03.2021 തീയതി ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചതായി കാണുന്നു. രണ്ടാം എതിർകക്ഷി 03.04.2021 ൽ ടിയാന്റെ അപ്പീൽ അപേക്ഷ തീർപ്പാക്കിയതായും കാണുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 29.07.2021 ൽ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജികക്ഷി ആവശ്യപ്പെട്ട ഫയലുകൾ വകുപ്പിലോ റിക്കോർഡ്സ് സെക്ഷനിലോ ലഭ്യമായിരുന്നില്ലെന്നും പ്രസ്തുത തീർപ്പു ഫയൽ ഏതെങ്കിലും സെക്ഷനിൽ ലഭ്യമാണെങ്കിൽ ആയത് ഈ വകപ്പിൽ ലഭ്യമാക്കാൻ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളോടും ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത ഫയൽ ലഭ്യമായില്ലെന്നും ആയതിനാലാണ് ടി ഫയൽ റിക്കാർഡ് സെക്ഷനിലും, സെല്ലാർ സെക്ഷനിലും ലഭ്യമല്ലെന്ന മറുപടി നൽകിയതെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 19.02.2021 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 03.03.2021 തീയതി മറുപടി നൽകിയതായി കാണുന്നു. ഹർജിക്കാരൻ 26.03.2021 ൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ആയതിന്മേൽ അപ്പീൽ അധികാരിയും 03.04.2021 തീയതി അപ്പീൽ അപേക്ഷ തീർപ്പാക്കിയതായി കാണുന്നു. എന്നാൽ ഹർജിക്കാരന് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ യാതൊന്നും ലഭിച്ചതായി കാണുന്നില്ല. വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ ഒന്നാം എതിർകക്ഷി സൂചിപ്പിച്ചിരിക്കുന്നത് 65498/സ്പെഷ്യൽ ഇ.1/പൊ.ഭ.വ. ഫയൽ നമ്പർ ഏതു വർഷത്തേതാണ് എന്നു വ്യക്തമാക്കിയാൽ പ്രസ്തുത തീർപ്പു ഫയൽ സർക്കാരിൽ ലഭ്യമാണെങ്കിൽ ആയത് ടിയാന് ലഭ്യമാക്കാവുന്നതാണെന്നാണ്. ഹിയറിംഗിൽ പങ്കെടുത്ത ഹർജികക്ഷി നൽകിയ മൊഴിയിൽ പറഞ്ഞിരിക്കുന്നത് ഫയൽ കണ്ടെത്താൻ കഴിഞ്ഞില്ല എങ്കിൽ പുനർനിർമ്മിക്കുന്നതിനു കഴിയുമോ എന്നാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയിൽ പറഞ്ഞത് ഇടക്കാല മറുപടി ആയിട്ടാണ് വർഷം ചോദിച്ചതെന്നും അപ്പോഴേക്കും ഹർജികക്ഷി അപ്പീൽ നൽകിയെന്നുമാണ്. ടി ഫയൽ നശിപ്പിച്ചിട്ടുള്ളതായ വിവരങ്ങളൊന്നും എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ടിലോ മൊഴിയിലോ പരാമർശിച്ചിട്ടില്ല. ഫയലുകൾ നിശ്ചിത കാലയളവ് കഴിഞ്ഞ് നശിപ്പിക്കുന്നതിന് പാലിക്കപ്പെടേണ്ട നടപടിക്രമങ്ങൾ ഉണ്ട്. വിഷയത്തിന്റെ സ്വഭാവം അനുസരിച്ചു മാത്രമേ അപ്രകാരം നശിപ്പിക്കാറുള്ളു. അത്തരം നടപടികൾ ഒന്നും തന്നെ ഇവിടെ പാലിക്കപ്പെട്ടിട്ടുള്ളതായി

മറുപടികളിലൂടെയോ റിപ്പോർട്ടിലൂടെയോ മൊഴിയിലൂടെയോ ബോധ്യമാക്കാൻ എതിർകക്ഷിക്ക് കഴിഞ്ഞിട്ടില്ല. മന:പൂർവ്വമായോ ബോധപൂർവ്വമായോ ഫയലുകൾ മറച്ചു വക്കാൻ എതിർകക്ഷികൾ ശ്രമിച്ചിട്ടുള്ളതായി കാണുന്നില്ല എങ്കിലും ടി ഫയൽ ലഭ്യമാക്കാൻ ഒരിക്കൽ കൂടി വിവിധ സെക്ഷനുകളിലും റിക്കാർഡ് സെക്ഷൻ, സെല്ലാർ സെക്ഷൻ അടക്കം പരിശോധന നടത്തി ലഭ്യമെങ്കിൽ ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ആയത് സംബന്ധിച്ച റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 02-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp